"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നഗരസഭകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനിയർമാരുടെ നിയമന കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1008/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/05/2021

---

പരാമർശം:- 1 നഗരകാര്യ ഡയറക്ടറുടെ 07.01.2019-ലെ ഡി.സി.3/9653/18 നമ്പർ സർക്കുലർ

2 സ.ഉ.(സാധാ)നം.1238/2019/ത.സ്വ.ഭ.വ തീയതി 18.06.2019

3 സ.ഉ.(സാധാ)നം.793/2020/ത.സ്വ.ഭ.വ തീയതി 27.04.2020

4 നഗരകാര്യ ഡയറക്ടറുടെ 17.03.2021-ലെ ഡി.സി.3/12014/2020 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് എല്ലാ നഗരസഭകൾക്കും ആവശ്യമുള്ള പക്ഷം ഒരു അസിസ്റ്റന്റ് എഞ്ചിനീയറെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നഗരകാര്യ ഡയറക്ടറുടെ പരാമർശം (1) സർക്കുലർ പ്രകാരം അനുമതി നൽകിയിരുന്നു. ഇത്തരത്തിൽ നിയമിക്കപ്പെട്ടവരുടെ നിയമനകാലാവധി അവസാനിച്ച മുറയ്ക്ക് ടിയാരുടെ പ്രവർത്തന മികവ് പരിശോധിച്ച് തൃപ്തികരമാണെങ്കിൽ കാലാവധി ഒരു വർഷം കൂടി നീട്ടി നൽകുന്നതിന് പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം അനുമതി നൽകുകയുണ്ടായി. ഇത്തരത്തിൽ ദീർഘിപ്പിച്ച ജീവനക്കാരുടെ സേവന കാലാവധി 31.03.21-ൽ അവസാനിച്ച സാഹചര്യത്തിൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ടി ജീവനക്കാരുടെ സേവന കാലാവധി 01.04.2021 മുതൽ ഒരു വർഷം കൂടി ദീർഘിപ്പിക്കാൻ അനുമതി നൽകണമെന്ന് സൂചന (4) പ്രകാരം നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ, അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനായി നഗരസഭകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സേവനം തുടർന്നും ആവശ്യമുള്ള പക്ഷം, ടി ജീവനക്കാരുടെ കഴിഞ്ഞവർഷത്തെ പ്രവർത്തന മികവ് പരിശോധിച്ച ശേഷം തൃപ്തികരമാണെങ്കിൽ 01.04.2021 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്: നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ മുനിസിപ്പൽ കോർപ്പേറേഷൻ മേയർ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ കൌൺസിൽ ചെയർമാൻ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2021.05.11 14:47:40 IST
Reason: Approved

സെക്ഷൻ ഓഫീസർ